'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

**സ.ഉ.(സാധാ) നം.1250/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 19/06/2019

---

പരാമർശം:- 1 വിജിലൻസ് (ഡി) വകുപ്പിന്റെ 04.12.2012ലെ 14194/ഡി3/12/വിജി നമ്പർ കത്ത്

2 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 02.11.2012ലെ ഇ4(എസ് സി 31/2012/എഎൽപി ) 19269/2012 നമ്പർ റിപ്പോർട്ട്

3 13.09.2013ലെ 4657/ഇപിബി2/13/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ.ഷാജി സി ജി സമർപ്പിച്ച 11.02.2014,ശ്രീമതി.ബിന്ദു ആർ സമർപ്പിച്ച 11.02.2014 , 12.02.2014,ശ്രീ.നജീബ് ജെ സമർപ്പിച്ച 11.02.2014, ശ്രീ.സജീന്ദ്ര ബാബു സമർപ്പിച്ച 10.02.2014 , ശ്രീ.ലിജു കെ ജോൺ സമർപ്പിച്ച 19.03.2014 തീയതികളിലെ പ്രതിവാദപത്രികകൾ

5. പഞ്ചായത്ത് ഡയറക്ടറുടെ 24.02.2016ലെ ഡി8-28837/13 നമ്പർ അഭിപ്രായ റിപ്പോർട്ട്

<u>ഉത്തരവ്</u>

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) (2) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ മുൻനിർത്തി പ്രസ്തുത വീഴ്ചകൾക്കുത്തരവാദിയായ പാണ്ടനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ജെ. സജീന്ദ്ര ബാബു, ഹെഡ് ക്ലാർക്ക് ശ്രീ. എൻ. സുരേന്ദ്രൻ, യു.ഡി. ക്ലാർക്ക് ശ്രീ. കെ. ലിജു ജോൺ, എൽ.ഡി. ക്ലാർക്കുമാരായ ശ്രീമതി. ബിന്ദു ആർ, ശ്രീ. ഷാജി, ശ്രീ. നജീബ് എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു .

സെക്രട്ടറി ശ്രീ. സജീന്ദ്രബാബുവിനെതിരായ ആരോപണങ്ങൾ ചുവടെ ചേർക്കുന്നു:

1. സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ തയ്യാറാക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ് 2012-13- ൽ തയ്യാറാക്കിയിട്ടില്ല .

2. എ 3-43/08-09, എ 3-3182/11, എ 3-774/12, എ 3-471/12 എന്നീ ഫയലുകളിൽ പ്രതിപാദിക്കുന്ന ഭൂമിയുടെ സീൻ മഹസ്സർ , ഫോട്ടോ ഗ്രാഫുകൾ എന്നിവ തയ്യാറാക്കി ഫയലുകൾ സൂക്ഷിച്ചില്ല.

3. ഡി & ഒ ലൈസൻസ് പുതുക്കുന്നതിനായി ശ്രീമതി. പ്രസന്ന കുമാരി (എ 5-656/12 തീയതി 29.03.2012), ശ്രീ. ഷാജി ഫിലിപ്പ് (എ 5-548 തീയതി 30.05.2012), ശ്രീ. പുരുഷൻ (എ 5-910/12 തീയതി 24.02.2012), ശ്രീ. കെ.എസ്. സ്കറിയ (എ5-1314/12) എന്നിവർ സമർപ്പിച്ച അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിച്ചില്ല.

4. ലൈസൻസ് പുതുക്കുന്നതിനായി ശ്രീ. എബ്രഹാം ജേക്കബ് സമർപ്പിച്ച 25.05.2012- ലെയും ശ്രീ. വി. എൻ. ഗോപാലകൃഷ്ണപിള്ള സമർപ്പിച്ച 20.11.2012-ലെയും അപേക്ഷകൾ ഫയൽ നമ്പറില്ലാതെയും ഫ്രണ്ട് ഓഫീസിൽ വരവ് വയ്ക്കാതെയും എ 5 സെക്ഷനിൽ കാണപ്പെട്ടു.

5. കറന്റ് നം.3219 തീയതി 24.09.2011, 2789 തീയതി 30.11.2011, 2496 തീയതി 04.08.2011, 4249/11 തീയതി 16.12.2011, 4049 തീയതി 18.11.2011, 55/12 തീയതി 07.01.2012 എന്നിവ പെൻഡിംഗായി കാണപ്പെട്ടു . എ 3-1223/10, എ 3-1455/10, എ 3-4090/10, എബി -1430/10, എ 3-4049, എ 3-627/10, എ 3-28/08 എന്നീ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള 7 അപേക്ഷകളിലും. കെട്ടിട നമ്പറിനുള്ള എ 3-2659/10, എ 3-21/09, എ 3-2958/10, എ 3-162/08-09, എ 3-2115/10, എ 3-106/09, എ 3-1419/11, എ 3-1738/11, എ 3-78/09-10, എ 3-78/09-10 എന്നീ 10 അപേക്ഷകളിലും അപേക്ഷകർക്ക് യഥാസമയം സേവനം നൽകാതെ കാലതാമസം വരുത്തി .

6. ഉദ്യോഗസ്ഥരുടെ മൗനാനുവാദത്തോടെ ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃത മണൽ ഖനനം നടക്കുന്നു .

കുറ്റപത്രത്തിന് ശ്രീ. സജീന്ദ്ര ബാബു പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം ടിയാൻ 16.05.2012 മുതൽ 14.06.2012 വരെ കമ്മ്യൂട്ടഡ് ലീവിലായിരുന്നുവെന്നും ടി സമയത്തെ സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്നത് ഹെഡ് ക്ലാർക്ക് ശ്രീ. എൻ. സുരേന്ദ്രനായിരുന്നുവെന്നും സെക്രട്ടറിയുടെ മറുപടിയിൽ പരാമർശിച്ചിട്ടുള്ളതുപോലെ 2012/13-ലെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതായി കാണുന്നു എന്നതിനാൽ ഒന്നാമത്തെ ആരോപണത്തിന്മേലുള്ള ടിയാന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്നും എന്നാൽ കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള ഫയലുകളായ എ 3-43/08-09, എ 3-3182/11, എ 3-774/12, എ 3-471/12 എന്നിവയൊന്നും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല എന്നതിനാൽ വസ്തുതകൾ ബോധ്യപ്പെടാനായില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള ലൈസൻസ് അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ച് ലൈസൻസ് നൽകിയിട്ടുള്ളതിനാൽ മൂന്നാമത്തെ ആരോപണത്തിന്മേലുള്ള ടിയാന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്നും കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള സമയത്തെ ഫ്രണ്ട് ഓഫീസ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാകാതിരുന്നതിനാൽ ടി മറുപടിയിലെ വസ്തുതകൾ ബോധ്യപ്പെടാനായില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള 55/12 നമ്പർ ഫയൽ പരിശോധനക്ക് ലഭ്യമായില്ലെന്നും കൂടാതെ പരിശോധനയ്ക്ക് ലഭ്യമായ 3219/11, 2789/11, 2496/11, 627/10, 28/08, 2659/10, 21/09, 2958/10, 162/08, 2115/10, 106/09, 1419/11, 1738/11, 78/09-10 എന്നിവയിന്മേൽ തുടർനടപടി സ്വീകരിച്ചതായും ആയതിന്മേൽ ശ്രീ. സജീന്ദ്രബാബു പാണ്ടനാട് ഗ്രാമപഞ്ചായത്ത്

സെക്രട്ടറിയുടെ ചുമതലയേൽക്കുന്നതിനു മുമ്പുള്ള ഫയലുകളാണെന്ന് അന്വേഷണത്തിൽ മനസിലാകുന്നതായും കൂടാതെ 4249/11 എന്ന ഫയൽ കെട്ടിട നിർമ്മാണത്തിനുള്ള ഇന്റിമേഷൻ നൽകിയതാണെന്നും ആകയാൽ കുറ്റാരോപണം ലഘൂകരിക്കാവുന്നതാണെന്നും അനധികൃത മണ്ണ് ഖനനം സംബന്ധിച്ച് ടിയാന്റെ മറുപടിയിൽ പറയുന്ന കാര്യങ്ങൾ പരിശോധിക്കത്തക്ക രേഖകളൊന്നും അന്വേഷണ സമയം ലഭ്യമായില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പാണ്ടനാട് ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ. എൻ. സുരേന്ദ്രനെതിരായ ആരോപണങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ തയ്യാറാക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ് 2012-13- ൽ തയ്യാറാക്കിയിട്ടില്ല.

2. എ 3-43/08-09, എ 3-3182/11, എ 3-774/12, എ 3-471/12 എന്നീ ഫയലുകളിൽ പ്രതിപാദിക്കുന്ന ഭൂമിയുടെ സീൻ മഹസ്സർ , ഫോട്ടോ ഗ്രാഫുകൾ എന്നിവ തയ്യാറാക്കി ഫയലുകൾ സൂക്ഷിച്ചില്ല.

3. ഡി & ഒ ലൈസൻസ് പുതുക്കുന്നതിനായി ശ്രീമതി. പ്രസന്ന കുമാരി (എ 5-656/12 തീയതി 29.03.2012), ശ്രീ. ഷാജി ഫിലിപ്പ് (എ 5-548 തീയതി 30.05.2012), ശ്രീ. പുരുഷൻ ( എ 5-910/12 തീയതി 24.02.2012), ശ്രീ. കെ. എസ്. സ്കറിയ (എ5-1314/12) എന്നിവർ സമർപ്പിച്ച അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിച്ചില്ല .

4. ലൈസൻസ് പുതുക്കുന്നതിനായി ശ്രീ. എബ്രഹാം ജേക്കബ് സമർപ്പിച്ച 25.05.2012- ലെയും ശ്രീ. വി. എൻ. ഗോപാലകൃഷ്ണപിള്ള സമർപ്പിച്ച 20.11.2012-ലെയും അപേക്ഷകൾ ഫയൽ നമ്പറില്ലാതെയും ഫ്രണ്ട് ഓഫീസിൽ വരവ് വയ്ക്കാതെയും എ 5 സെക്ഷനിൽ കാണപ്പെട്ടു.

5. കറന്റ് നം.3219 തീയതി 24.09.2011, 2789 തീയതി 30.11.2011, 2496 തീയതി 04.08.2011, 4249/11 തീയതി 16.12.2011, 4049 തീയതി 18.11.2011, 55/12 തീയതി 07.01.2012 എന്നിവ പെൻഡിംഗായി കാണപ്പെട്ടു . എ 3-1223/10, എ 3-1455/10, എ 3-4090/10, എബി -1430/10, എ 3-4049, എ 3-627/10, എ 3-28/08 എന്നീ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള 7 അപേക്ഷകളിലും കെട്ടിട നമ്പറിനുള്ള എ 3-2659/10, എ 3-21/09, എ 3-2958/10, എ 3-162/08-09, എ 3-2115/10, എ 3-106/09, എ 3-1419/11, എ 3-1738/11, എ 3-78/09-10, എ 3-78/09-10 എന്നീ 10 അപേക്ഷകളിലും അപേക്ഷകർക്ക് യഥാസമയം സേവനം നൽകാതെ കാലതാമസം വരുത്തി .

6. ഉദ്യോഗസ്ഥരുടെ മൗനാനുവാദത്തോടെ ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃത മണൽ ഖനനം നടക്കുന്നു.

കുറ്റപത്രത്തിന് ശ്രീ. എൻ. സുരേന്ദ്രൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2012-13- ലെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരുന്നതായി കാണുന്നു എന്നതിനാൽ ടിയാന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്നും കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള ഫയലുകളായ എ 3-43/08-09, എ 3-3182/11, എ 3-774/12 എ 3-471/12 എന്നിവയൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല എന്നതിനാൽ വസ്തുതകൾ ബോധ്യപ്പെടാനായില്ലായെന്നും ശ്രീമതി . പ്രസന്നകുമാരി , ശ്രീ . ഷാജി ഫിലിപ്പ് , ശ്രീ . ശിവാനന്ദൻ (910/12), ശ്രീ . കെ . എസ് . സ്കറിയ എന്നിവർക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽത്തന്നെയും ലൈസൻസ് നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള സമയത്തെ ഫ്രണ്ട് ഓഫീസ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാകാതിരുന്നതിനാൽ വസ്തുതകൾ ബോധ്യപ്പെടാനായില്ലായെന്നും കുറ്റാരോപണ പത്രത്തിൽ പരാമർശിച്ചിട്ടുള്ള - 3219/11, 4049/10 എ 3-2789/11 എന്നീ ഫയലുകളിന്മേൽ നടപടി സ്വീകരിച്ചിട്ടുള്ളതായി

കാണുന്നുവെന്നും, എ3-2496,53-4249 എന്നീ ഫയലുകൾ കെട്ടിട നിർമ്മാണത്തിനുള്ള ഇന്റിമേഷൻ ആണെന്ന് കാണുന്നുവെന്നും എന്നാൽ ടി ഫയലുകളെ സംബന്ധിച്ച് മറുപടിയിൽ പറയുന്ന വസ്തുതകൾ പൂർണ്ണമായി മനസ്സിലാകത്തക്ക രേഖകളൊന്നും ഫയലിൽ കാണാൻ കഴിഞ്ഞില്ലെന്നും എ3-55/12, എ 3-1223/10, എ 3-1455/10, എ 3-4090/10, എ 3-1430/10 എന്നീ ഫയലുകൾ പരിശോധനക്ക് ലഭ്യമാകാത്തതിനാൽ വസ്തുതകൾ ബോധ്യപ്പെടാനായില്ലായെന്നും എ 3-627/10, എ 3-28/08 എന്നീ ഫയലുകളിന്മേൽ ടിയാന്റെ മറുപടി വസ്തുതാപരമാണെന്നും, എ3-2659/10, എ 3-21/09 എന്നീ ഫയലുകളിന്മേൽ പെർമിറ്റ് നൽകിയ അപേക്ഷയാണ് പരിശോധനയ്ക്ക് ലഭിച്ചതെന്നും മറ്റ് വസ്തുതകൾ ബോദ്ധ്യപ്പെടാൻ കഴിഞ്ഞില്ലായെന്നും എ 3-2958/10 നമ്പർ ഫയലിന്മേൽ പെർമിറ്റ് പുതുക്കി നൽകിയതായി കാണുന്നുവെന്നും എ 3-162/08, എ 3-1419/11, എ 3-1738/11, എ 3 78/09 എന്നീ ഫയലുകളിന്മേലുള്ള മറുപടി വസ്തുതാപരമാണും കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള അനധികൃത മണ്ണ് ഖനനം സംബന്ധിച്ച് ടിയാന്റെ മറുപടിയിൽ പറയുന്ന കാര്യങ്ങൾ പരിശോധിക്കത്തക്ക രേഖകളൊന്നും അന്വേഷണസമയം ലഭ്യമായില്ലായെന്നും ആരോപണം നിലനിൽക്കുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കറന്റ് നം .3219 തീയതി 24.09.2011, 2789 തീയതി 30.11.2011, 2496 തീയതി 04.08.2011, 4249/11 തീയതി 16.12.2011, 4049 തീയതി 18.11.2011, 55/12 തീയതി 07.01.2012 എന്നിവ പെൻഡിംഗായി കാണപ്പെട്ടു. എ 3-1223/10, എ 3-1455/10, എ 3-4090/10, എബി -1430/10, എ 3-4049, എ 3-627/10, എ 3-28/08 എന്നീ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള 7 അപേക്ഷകളിലും കെട്ടിട നമ്പറിനുള്ള എ 3-2659/10, എ 3-21/09, എ 3-2958/10, എ 3-162/08-09, എ 3-2115/10, എ 3-106/09, എ 3-1419/11, എ 3-1738/11, എ 3-78/09-10, എ 3-78/09-10 എന്നീ 10 അപേക്ഷകളിലും അപേക്ഷകർക്ക് യഥാസമയം സേവനം നൽകാതെ കാലതാമസം വരുത്തി എന്നിവയാണ് യു.ഡി. ക്ലാർക്ക് ശ്രീ. കെ. ലിജു, എൽ.ഡി. ക്ലാർക്ക് ശ്രീമതി. ബിന്ദു എന്നിവർക്കെതിരായ ആരോപണം.

കുറ്റപത്രത്തിന് ശ്രീ. ലിജു ജോൺ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള ഫയലുകളിൽ, നമ്പർ 3219/11 തീയതി 24.9.2011 എന്ന അപേക്ഷയിന്മേലുള്ള നടപടി ടിയാന്റെ മറുപടിയിൽ പറയുന്നത് പ്രകാരമാണെന്നും ഫയൽ നമ്പർ എ 3-2789/11 തീയതി 31.8.2011 പ്രകാരമുള്ള അപേക്ഷയിന്മേൽ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതായി കാണുന്നുവെന്നും, ഫയൽ നമ്പർ 2496/11, 4249/11 എന്നീ ഫയലുകൾ കെട്ടിട നിർമ്മാണത്തിനുള്ള ഇന്റിമേഷൻ ആണെന്നാണ് മനസിലാകുന്നതെന്നും എ3-4049/11 നമ്പർ ഫയലിന്മേലും നടപടി സ്വീകരിച്ചതായി മനസിലാകുന്നുവെന്നും എന്നാൽ ടിയാന്റെ മറുപടിയിൽ പറയുന്നതുപോലെ ഫ്രണ്ട് ഓഫീസ് കൈപ്പറ്റ് രസീതിൽ അപാകത രേഖപ്പെടുത്തിയിട്ടുണ്ടെന്ന വിവരം ബോദ്ധ്യപ്പെടാനായില്ലെന്നും, എ 3-55/12, എ3-1223/10, എ 3-1455/10, എ 34090, എ 3-1430/10 എന്നീ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമായില്ലെന്നും, എ 3-627/10, എ 3-28/08 എന്നീ അപേക്ഷകളിന്മേലുള്ള മറുപടിയിൽ പറയുന്ന വസ്തുതകൾ ശരിയാണെന്നും എ3-2659/10, എ 3-21/09 എന്നീ അപേക്ഷകളിന്മേൽ പെർമിറ്റ് നൽകിയിട്ടുള്ള ഫയലാണ് ലഭ്യമായതെന്നും മറ്റ് വസ്തുതകൾ ബോദ്ധ്യപ്പെടാനായില്ലെന്നും, എ3-2958/10 നമ്പർ അപേക്ഷ പ്രകാരം ടിയാന്റെ മറുപടിയിൽ പറയുന്നതുപോലെ പെർമിറ്റ് പുതുക്കി നൽകിയതായി മനസിലാകുന്നുവെന്നും, എ 3-162/08, എ 3-2115/10, എ 3-106/09, എ 3-1419/11, എ 3-1738/11, എ 3-78/-09-10 എന്നീ ഫയലുകളിന്മേൽ നടപടി പൂർത്തിയാക്കി നമ്പർ നൽകിയിട്ടുള്ളതായി മനസിലാകുന്നുവെന്നും കുറ്റാരോപണങ്ങൾ ഭാഗികമായി നിലനിൽക്കുന്നതാണെന്നും

പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പാണ്ടനാട് ഗ്രാമപഞ്ചായത്തിലെ എൽ.ഡി. ക്ലാർക്ക് ശ്രീമതി. ബിന്ദു പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള ഫയലുകളിൽ, 2789 എന്ന അപേക്ഷയിൽ തുടർനടപടി സ്വീകരിച്ചതായി കാണുന്നുവെന്നും, 3219 നമ്പർ പെർമിറ്റ് അപേക്ഷ നിരസിച്ചതായും 2496, 4249, 4049 എന്നീ അപേക്ഷകൾ കെട്ടിട നിർമ്മാണത്തിനുള്ള ഇന്റിമേഷനുള്ളതാണെന്ന് കാണുന്നുവെന്നും, 55/12, എ 3-1223/10, എ 301455/10, എ 3-4090/10, എ 3-1430/10 എ 3-1430 എന്നീ അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമായില്ലെന്നും, എ 3-627/10, എ 3-28/08, എ 3-2659/10, എ 3-21/09, എ 3-2958/10, എ 3-162/08-09, എ 3-1419/11 എന്നീ അപേക്ഷകളിന്മേൽ ശ്രീമതി . ബിന്ദു പാണ്ടനാട് ജോലിയിൽ പ്രവേശിച്ച 18.7.2011 ന് മുമ്പായി നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നുവെന്നും, എ 3-2115/10, എ 3-106/09, എ 3-1738/11, എ 3-78/09-10 എന്നീ അപേക്ഷകളിന്മേൽ കെട്ടിട നമ്പർ നൽകിയത് ടിയാൾ പാണ്ടനാട് ജോലിയിൽ പ്രവേശിച്ചതിന് ശേഷമാണെങ്കിലും ടിയാൾ കൈകാര്യം ചെയ്തിരുന്ന ഫയലുകളാണോ എന്ന് ഫയലിൽ നിന്നും മനസിലാകുന്നില്ലായെന്നും ആരോപണം ഭാഗികമായി നിലനിൽക്കുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പാണ്ടനാട് ഗ്രാമപഞ്ചായത്ത് എൽ . ഡി . ക്ലാർക്ക് ശ്രീ. സി.ജി. ഷാജിക്കെതിരായ ആരോപണങ്ങൾ ചുവടെ ചേർക്കുന്നു.

1. സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ തയ്യാറാക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ് 2012-13- ൽ തയ്യാറാക്കിയിട്ടില്ല.

2. ഡി & ഒ ലൈസൻസ് പുതുക്കുന്നതിനായി ശ്രീമതി . പ്രസന്ന കുമാരി ( എ 5-656/12 തീയതി 29.03.2012), ശ്രീ . ഷാജി ഫിലിപ്പ് ( എ 5-548 തീയതി 30.05.2012), ശ്രീ . പുരുഷൻ ( എ 5-910/12 തീയതി 24.02.2012), ശ്രീ . കെ . എസ് . സ്കറിയ ( എ 5-1314/12) എന്നിവർ സമർപ്പിച്ച അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിച്ചില്ല .

3. ലൈസൻസ് പുതുക്കുന്നതിനായി ശ്രീ . എബ്രഹാം ജേക്കബ് സമർപ്പിച്ച 25.05.2012- ലെയും ശ്രീ . വി . എൻ . ഗോപാലകൃഷ്ണപിള്ള സമർപ്പിച്ച 20.11.2012- ലെയും അപേക്ഷകൾ ഫയൽ നമ്പറില്ലാതെയും ഫ്രണ്ട് ഓഫീസിൽ വരവ് വയ്ക്കാതെയും എ 5 സെക്ഷനിൽ കാണപ്പെട്ടു .

4. കറന്റ് നം .3219 തീയതി 24.09.2011, 2789 തീയതി 30.11.2011, 2496 തീയതി 04.08.2011, 4249/11 തീയതി 16.12.2011, 4049 തീയതി 18.11.2011, 55/12 തീയതി 07.01.2012 എന്നിവ പെൻഡിംഗായി കാണപ്പെട്ടു . എ 3-1223/10, എ 3-1455/10, എ 3-4090/10, എബി -1430/10, എ 3-4049, എ 3-627/10, എ 3-28/08 എന്നീ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള 7 അപേക്ഷകളിലും കെട്ടിട നമ്പറിനുള്ള എ 3-2659/10, എ 3-21/09, എ 3-2958/10, എ 3-162/08-09, എ 3-2115/10, എ 3-106/09, എ 3-1419/11, എ 3-1738/11, എ 3-78/09-10, എ 3-78/09-10 എന്നീ 10 അപേക്ഷകളിലും അപേക്ഷകർക്ക് യഥാസമയം സേവനം നൽകാതെ കാലതാമസം വരുത്തി.

കുറ്റപത്രത്തിന് ശ്രീ. സി.ജി. ഷാജി പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2012-13 ലെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരുന്നതായി കാണുന്നു എന്നതിനാൽ ഒന്നാമത്തെ ആരോപണത്തിന്മേലുള്ള ശ്രീ. ഷാജിയുടെ മറുപടി അംഗീകരിക്കാവുന്നതാണെ, ശ്രീമതി . പ്രസന്നകുമാരി , ശ്രീ . ഷാജി ഫിലിപ്പ് , ശ്രീ . ശിവാനന്ദൻ ശ്രീ . കെ . എസ് . സ്കറിയ എന്നിവർക്ക് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും ലൈസൻസ് നൽകുന്നതിൽ കാലതാമസം

ഉണ്ടായിട്ടുണ്ടെന്നും കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള ശ്രീ . എബ്രഹാം ജേക്കബ് ശ്രീ . വി . എൻ . ഗോപാലകൃഷ്ണപിള്ള എന്നിവരുടെ അപേക്ഷ സമയത്തെ ഫ്രണ്ട് ഓഫീസ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാകാതിരുന്നതിനാൽ വസ്തുതകൾ ബോധ്യപ്പെടാനായില്ലായെന്നും കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള ഫയലുകളിൽ ടിയാൾ മറുപടിയിൽ പറയുന്നതുപോലെ 3219 തീയതി 24.9.2011 നമ്പർ അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുള്ളതായി കാണുന്നുവെന്നും, 2789 തീയതി 30.10.2011, 2496 തീയതി 4.8.2011 എന്നീ അപേക്ഷകൾ ടിയാനെ ചുമതലപ്പെടുത്തിയ വാർഡുകളിലേതാണോ എന്ന് പരിശോധിക്കുവാൻ ബന്ധപ്പെട്ട ഓഫീസ് ഉത്തരവ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമായില്ലെന്നും 4249/11 നമ്പർ അപേക്ഷ കെട്ടിട നിർമ്മാണത്തിനുള്ള ഇന്റിമേഷനുള്ളതാണെന്ന് മനസ്സിലാകുന്നുവെന്നും, 4049, 627/10, 28/08, 2659/10, 2958/10, 162/08-09,1419/11 എന്നീ അപേക്ഷകൾ ടിയാന്റെ വാർഡുകളിലേതാണോ എന്നറിയാൻ ബന്ധപ്പെട്ട ഓഫീസ് ഉത്തരവ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമായില്ലെന്നും 55/12,1223/10, 1455/10, 4090/10,1430/12 എന്നീ അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമായില്ലെന്നും 627/10, 21/09,2115/10,106/09,1738/11, 78/09-10 എന്നീ അപേക്ഷകളിന്മേൽ നടപടി പൂർത്തിയാക്കിയതായും ആരോപണങ്ങൾ ഭാഗികമായി നിലനിൽക്കുന്നതാണും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പാണ്ടനാട് ഗ്രാമപഞ്ചായത്തിലെ എൽ . ഡി . ക്ലാർക്കായിരുന്ന ശ്രീ . നജീബിനെതിരെ ചുവടെ ചേർക്കുന്ന ആരോപണം മുൻനിർത്തി കുറ്റപത്രം നൽകിയിരുന്നു .
നം .3219 തീയതി 24.09.2011, 2789 തീയതി 30.11.2011, 2496 തീയതി 04.08.2011, 4249/11 തീയതി 16.12.2011, 4049 തീയതി 18.11.2011, 55/12 തീയതി 07.01.2012 എന്നിവ പെൻഡിംഗായി കാണപ്പെട്ടു . എ 3-1223/10, എ 3-1455/10, എ 3-4090/10, എബി -1430/10, എ 3-4049, എ 3-627/10, എ 3-28/08 എന്നീ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകളിലും കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള എ 3-2659/10, എ 3-21/09, എ 3-2958/10, എ 3-162/08-09, എ 3-2115/10, എ 3-106/09, എ 3-1419/11, എ 3-1738/11, എ 3-78/09-10, എ 3-78/09-10 എന്നീ അപേക്ഷകളിലും അപേക്ഷകർക്ക് യഥാസമയം സേവനം നൽകാതെ കാലതാമസം വരുത്തി . പ്രസ്തുത ആരോപണത്തിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട് .

പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ 31.5.2011 - ൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച ശ്രീ . നജീബ് കുറ്റാരോപണ പത്രികയിൽ പരാമർശിച്ചിട്ടുള്ള ഫയലുകളിൽ ടിയാൻ മറുപടിയിൽ പറയുന്നതുപോലെ നം . 3219/11 നമ്പർ ഫയലിന്മേലുള്ള പെർമിറ്റ് നിരസിച്ചതായും 2789/11 നമ്പർ ഫയൽ റഗുലറൈസ് ചെയ്തതായും ഫയൽ പരിശോധിച്ചതിൽ നിന്നും മനസിലാകുന്നുവെന്നും കൂടാതെ 2496/11, 4249/11,4049/11 എന്നീ ഫയലുകൾ കെട്ടിട നിർമ്മാണത്തിനുള്ള ഇന്റിമേഷനുള്ളതാണെന്ന് മനസിലാകുന്നുവെന്നും 55/12, എ 3-1223/10, എ 3-1455/10, എ 3-1430/10, എ 3-1430/10 എന്നീ ഫയലുകളിൽ പരിശോധനയ്ക്ക് ലഭ്യമായില്ലെന്നും, എ 3-627/10, എ 3-28/08, എ 3-2659/10, എ 3-21/09, എ 3-2958/10, എ 3-162/08-09, എ 3-2115/10, എ 3-2115/10, എ 3-105/09 , എ 3-2958/10 എന്നീ ഫയലുകളിന്മേൽ ടിയാൻ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് നടപടികൾ പൂർത്തിയായതായി കാണുന്നുവെന്നും, എ 3-162/08-09, എ 3-2115/10, എ 3-105/09, എ 3-1419/11 എന്നീ നമ്പർ ഫയലുകളിന്മേൽ കെട്ടിട നമ്പർ നൽകിയ അപേക്ഷയാണ് പരിശോധനയ്ക്ക് ലഭ്യമായതെന്നും ടി നമ്പർ നൽകിയിട്ടുള്ളത് ടിയാൻ പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചതിന് ശേഷമാണെന്നും നിർമ്മാണ അനുമതി നൽകിയത് അതിനുമുമ്പുമാണെന്നും കാണുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**File No.LSGD-EPB2/313/2015-LSGD**

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 26.02.2011 ലെ സ.ഉ.(കൈ) 64/2011/തസ്വഭവ നമ്പർ വിജ്ഞാപന പ്രകാരം പാണ്ടനാട് ഗ്രാമപഞ്ചായത്ത് കാറ്റഗറി (II) ഉൾപ്പെട്ടതിനാൽ കെട്ടിട നിർമ്മാണ ബന്ധപ്പെട്ട് ചട്ടം 10(13) പ്രകാരം ചില ഇളവുകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. അപ്രകാരമുളളതിൽപ്പെട്ടതാണ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വാസഗൃഹങ്ങൾക്ക് 300 ച.മീ. താഴെയുളളവർക്ക് അനുമതി ആവശ്യമില്ലായെന്നുളളത്. പകരം കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ് അനുബന്ധ രേഖകൾ എ 2-ഫോറത്തിൽ പഞ്ചായത്തിൽ അറിയിപ്പ് നൽകിയാൽ മതിയാകും. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ആരോപണത്തിന്മേൽ മേൽ കാര്യം പരിഗണിക്കാവുന്നതാണ്. കെട്ടിട നിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും സർക്കാർ നിർദ്ദേശ പ്രകാരം തയ്യാറാക്കി സൂക്ഷിക്കുന്നതിൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് വീഴ്ച വന്നു എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും ജീവനക്കാരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ട് എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ പാണ്ടനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ . ജെ . സജീന്ദ്ര ബാബു , ഹെഡ് ക്ലാർക്ക് ശ്രീ . എൻ . സുരേന്ദ്രൻ , യു . ഡി . ക്ലാർക്ക് ശ്രീ . കെ . ലിജ്ജു ജോൺ , എൽ . ഡി . ക്ലാർക്കുമാരായ ശ്രീമതി . ബിന്ദു ആർ , ശ്രീ . ഷാജി , ശ്രീ . നജീബ് എന്നിവർക്കെതിരെ 1960 - ലെ കേരള സിവിൽ സർവ്വീസസ് ( തരംതിരിക്കലും നിയന്ത്രണവും അപ്പീലും ) ചട്ടങ്ങൾ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി ടിയാളുകളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ 6 മാസത്തേയ്ക്ക് തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണല് സെക്രട്ടറി**

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പാണ്ടനാട് ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ്
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Danja Ms

സെക്ഷൻ ഓഫീസർ